"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരളോത്സവം - 2022, 2023 വർഷങ്ങളിലെ കേരളോത്സവത്തിന് കൊല്ലം ജില്ലാ പഞ്ചായത്തിന് അനുവദിച്ചിരുന്ന തുകയ്ക്ക് പുറമെ തനത് ഫണ്ടിൽ നിന്നും യഥാക്രമം 1,27,440/- രൂപയും, 5,46,969/- രൂപയും ചെലവാക്കിയ നടപടി സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.287/2025/LSGD തീയതി,തിരുവനന്തപുരം, 30-01-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം. 2522/2022/തസ്വഭവ തീയതി 19/10/2022.
2. സ.ഉ.(സാധാ) നം. 1753/2023/തസ്വഭവ തീയതി 26/08/2023.
3. കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 04/04/2024 തീയതിയിലെ A1/5780/2023 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലാ പഞ്ചായത്തിന് 2022, 2023 വർഷങ്ങളിലെ കേരളോത്സവം നടത്തിപ്പിനായി 8,00,000/- രൂപ വീതം അഡ്വാൻസായി പരാമർശം (1),(2) എന്നിവ പ്രകാരം അനുവദിച്ചിരുന്നുവെങ്കിലും 2022, 2023 വർഷങ്ങളിൽ യഥാക്രമം 1,27,440/- രൂപയും, 5,46,969/- രൂപയും അധികമായി ചെലവഴിച്ചിട്ടുള്ളതിനാൽ അധികമായി ചെലവഴിച്ച തുകകൾക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (3) പ്രകാരം കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2022, 2023 വർഷങ്ങളിലെ കേരളോത്സവം സംഘടിപ്പിക്കുന്നതിന് യുവജനക്ഷേമ ബോർഡിൽ നിന്നുള്ള ഗ്രാന്റായി 4 ലക്ഷം രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 4 ലക്ഷം രൂപയും ചേർത്ത് ഒരോ വർഷവും അനുവദിച്ചിരുന്ന 8,00,000/- രൂപയ്ക്ക് പുറമെ ജില്ലാ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും 2022 ൽ അധികമായി ചെലവായ 1,27,440/- രൂപയും,2023ൽ അധികമായി ചെലവായ 5,46,969/- രൂപയും ഭാവിയിൽ സർക്കാർ അനുവദിക്കുന്ന പരിധിക്കകത്തുനിന്ന് ചെലവ് ചെയ്യണമെന്ന കർശന നിബന്ധനയോടെ ഈ ഒരു തവണത്തേക്ക് മാത്രം സാധൂകരിച്ച് ഉത്തരവാകുന്നു.

3) അനുവദിച്ച തുകയുടെ 65 % ത്തോളം വർദ്ധിച്ചത് അഭിലഷണീയമായ പ്രവണതയല്ലാത്തതിനാൽ ചെലവുകളുടെ ആധികാരികത ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

പ്രസിഡന്റ്, കൊല്ലം ജില്ലാ പഞ്ചായത്ത്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
സെക്രട്ടറി, കൊല്ലം ജില്ലാ പഞ്ചായത്ത്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, ഐ&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഐ.എ.2/52/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 30-01-2025 16:47:18
സെക്ഷൻ ഓഫീസർ